For Private Circulation Only

December 2024

ആഗമനാധ്വാനം

Vol.71

" അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുത്, ഇന്നത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ, അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി " (മത്താ. 6:34)

No.12

നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്ന തലങ്ങൾ

" യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും; യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും" (മത്താ. 7:7, 8).

നാം പ്രാർത്ഥിക്കേണ്ടതിന്, നിറവിൽ, വിശാലമായി ആഴമായി, നമുക്ക് എത്രമാത്രം വിശേഷതയുള്ളതായി തീർക്കാമോ അത്രത്തോളം, ക്രിസ്തുവിൽ പ്രിയരേ, പ്രാർത്ഥനയെ സംബന്ധിച്ചു ഒരു വാഗ്ദത്തം നമുക്കായി നേടിയെടുത്ത്, എനിക്കറിയില്ല എത്ര മാത്രം വിശാലമാക്കിയെടുക്കുവാൻ കഴിയുമോ അത്രത്തോളം നാം അതിന് പ്രാധാന്യം കൊടുത്ത് പ്രാർത്ഥിക്കുവാൻ കർത്താവായ യേശുക്രിസ്തു നമുക്ക് പ്രാർത്ഥനയുടെ വാഗ്ദത്തം ചെയ്തിരിക്കുന്നു.

വചനത്തെ മുറുകെ പിടിച്ച് ശിശുക്കളെപോലെ കളങ്കമില്ലാത്തവരായി; വിശ്വാസത്തിനുവേണ്ടി വചനത്തെ മുറുകെ പിടിച്ച് ദൈവത്തിന്റെ അരുളപ്പാടുകളെ ചോദ്യം ചെയ്യാതെ സ്വീകരിച്ചു അതിൽ തന്നെ ആശ്രയിക്കുക.

അനേകർ ചിന്തിക്കുന്നത് വിശ്വാസം എന്നത് പ്രത്യേകമായ, ആഴമായ ചില തോന്നലുകളാണ് എന്നാണ്. ഇത് വലിയ തെറ്റാണ്. " ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ട് തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അത് വ്യാപരിച്ചുകൊണ്ടിരിക്കുന്നു " (1തെസ്സ. 2:13).

അങ്ങനെ പുരുഷനും സ്ത്രീയും ദൈവവചനം സ്വീകരിപ്പാൻ പ്രാപ്തരാകുന്നു. അങ്ങനെ അതിൽ നിലനില്ക്കുന്നു. ഇതാണ് ബലവത്തായ വിശ്വാസം. തുടർച്ചയായി ആ വചനത്തിൽ ലക്ഷ്യം വച്ച് ജീവിക്കുന്നു. നാം വചനത്താൽ തൃപ്തി പ്രാപിക്കുന്നു. വചനം ഏറ്റെടുത്തു തന്നോടു തന്നെ പറയും. " അങ്ങനെ തന്നെ ആകുന്നു, എന്നിട്ടു പറയും ദൈവം അരുളി ചെയ്തിരിക്കുന്നു ".

വചനത്തെ വചനത്തോടു താരതമ്യപ്പെടുത്തുക

മത്തായി 7:7,8-ലെ ഒരു വാഗ്ദത്തം ഹൃദയത്തിൽ എടുക്കുക, എന്നിട്ട് പറയുക, കൂടെ ഇരിക്കുന്ന ഒരു പഴയ സ്നേഹിതപ്പോലെ ഏറ്റെടുത്ത് പറയുക.: " എന്റെ പിതാവും ദൈവവുമായവൻ നിശ്ചയമായി എനിക്കു വേണ്ടി പ്രവർത്തിക്കും. തന്റെ വചനം തന്റെ പരിശുദ്ധമകനുവേണ്ടി അരുളിചെയ്തത്, അവിടുന്ന് സഭയ്ക്കുവേണ്ടി നൽകിയിരിക്കുന്നു".

എന്നാൽ ഈ വാഗ്ദത്ത വചനം വളരെ വിശാലമാണ്, നിറവുള്ളതാണ്, ആഴമേറിയതാണ്, വിലയേറിതാണ്, അതേസമയം തിരുവചനം തിരുവചനത്തോട് ഒത്തുനോക്കി പഠിച്ച് അനന്തരം ആലോചനകൾക്കുവേണ്ടി സമർപ്പിച്ചു, അധികം ഹൃദയവിശാലതയ്ക്കുവേണ്ടി സമർപ്പിച്ച് അധികം ഉറപ്പോടെ സ്ഥാപിച്ചു നിലനിർത്തി, അധികം ഉറപ്പോടെ കണ്ട്, ദൈവത്തിന് ഈ വേദഭാഗത്തിലൂടെയുള്ള ദൂത് എന്തെന്ന് മനസിലാക്കുക.

താരതമ്യപ്പെടുത്തുക, ഉദാഹരണമായി, പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു വചനം, യാക്കോബിന്റെ ലേഖനം നാലാം അധ്യായം അതിന്റെ മൂന്നാം വചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. നിങ്ങൾ യാചിക്കുന്നു എങ്കിൽ ഒന്നും ലഭിക്കുന്നില്ല. ഈ വചനം തള്ളിക്കളയേണ്ടതല്ല. തത്തുല്യ വചനങ്ങളുമായി, പ്രാർത്ഥനയെക്കുറിച്ചുള്ള വാഗ്ദത്തങ്ങളുമായി താരതമ്യ ചെയ്ത് പഠിക്കേണ്ടതാണ്.

യാക്കോബ് അപ്പോസ്തലൻ വിശ്വാസികളെ വിളിക്കുന്നു, യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെ വിളിക്കുന്നു, പ്രാർത്ഥനയില്ലാത്തവരെ, ദൈവവചനത്തിൽ കാണുന്ന പ്രകാരം നിങ്ങൾ യുദ്ധം ചെയ്യുന്നു ഒന്നും നേടുന്നില്ല, നിങ്ങൾ ഒന്നും ചോദിക്കുന്നില്ല.

ചിലർ ഒട്ടുമേ പ്രാർത്ഥിക്കുന്നില്ല.മറ്റു ചിലർ പ്രാർത്ഥിക്കുന്നു. ശരിയായ വഴിയിലല്ല അവരുടെ പ്രാർത്ഥന. " നിങ്ങൾ ചോദിക്കുന്നു, വല്ലാതെ യാചിക്കുന്നതുകൊണ്ട് ഒന്നും കിട്ടുന്നില്ല".

സ്വാഭാവികമായി ഒരു ചോദ്യം ഇവിടെ ഉയരുന്നു, വല്ലാതെ യാചിക്കുക എന്ന് പറഞ്ഞാൽ എന്താണ്? പരിശുദ്ധാത്മാവ് ചോദ്യത്തിന് വിശദീകരണം നൽകുന്നു: "നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് അതായത്, തങ്ങളുടെ ജഡത്തിന്റെ തൃപ്തിക്കുവേണ്ടി അവർ ചോദിക്കുന്നു, അവർ ജഡത്തിന്റെ ഉല്ലാസത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു, വഷളത്വമുള്ള ഹൃദയമാണവർക്കു, അവർ വല്ലാതെ യാചിക്കുന്നു, അവരുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും എന്ന് ഒരു ഉറപ്പും ഇല്ല.

എന്നാൽ ദൈവത്തിന്റെ മഹത്വത്തിനായി പ്രാർത്ഥിക്കുന്നു. എങ്കിൽ, അത് നാം വല്ലാതെ യാചിക്കുന്നില്ല. പ്രാർത്ഥനയുടെ ഒന്നാമത്തേതും പ്രധാനവുമായ മനോഭാവമാണിത്, ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന ദൈവപൈതലിന്റെ മനസ് ഇപ്രകാരമായിരിക്കേണ്ടതാണ്. " ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ" (1കൊരി. 10.31).

നമ്മുടെ യോഗ്യതയല്ല - എന്നാൽ അവിടുത്തേത്!

അടുത്ത ഏറ്റവും പ്രധാനമായ വിഷയമാണ്. എല്ലാ സ്വയ പ്രതീക്ഷകളും കഴിവുകളും ഉപേക്ഷിക്കുക എന്നുള്ളത് - നമ്മുടെ കഴിവുകളും അതിന്റെ എല്ലാ പ്രതീക്ഷകളും ഉപേക്ഷിച്ച് കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിലുള്ള ആശ്രയം

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്ന തലങ്ങൾ

വയ്ക്കുന്നു എങ്കിൽ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടാകും. പുതിയ നിയമം പൊതുവേ ഇങ്ങനെ പറയുന്ന, നാം പ്രാർത്ഥിക്കുന്നു, "കർത്താവേ യേശുവിന്റെ നാമത്തിൽ" (കൊലൊ.3:17, യോഹ. 15:16).

അവന്റെ സ്വന്തം കഴിവിലും പ്രാപ്തിയിലും ഒരു പാപിക്ക് സ്വർഗ്ഗത്തിൽ പോകുവാൻ സാധ്യമല്ല, എന്നാൽ അവർക്ക് കർത്താവായ യേശുക്രിസ്തുവിന്റെ കഷ്ടതകളിലും മരണത്തിലുമുള്ള വിശ്വാസത്താൽ പ്രതീക്ഷയ്ക്കു വകയുണ്ട്. അതുകൊണ്ട് ദൈവമക്കളായ നാം, പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ വന്ന്, സ്വന്തകഴിവിലും നിലയിലും ഉള്ള ആശ്രയം പൂർണ്ണമായി വിട്ടുകളയുക.

നാം നമ്മിൽ തന്നെ ഏതുമില്ല എന്ന് സമ്മതിക്കുക, കർത്താവായ യേശുവിനോട് പറ്റിച്ചേരുക, ദൈവത്തിന് നിങ്ങളെത്തന്നെ വിധേയപ്പെടുത്തുക, പുനരുദ്ധാരണത്തിന്റെ ശക്തിയോട് ഏകീഭവിക്കുക, അവർ കർത്താവായ യേശുവിൽ മറഞ്ഞിരിക്കുന്നു, യേശുക്രിസ്തുവിന്റെ പ്രവൃത്തിയെയും ശക്തിയെയും അംഗീകരിക്കുക, ദൈവത്തിൽ മഹത്വപ്പെട്ട് ഉത്തരം അരുളും.

ഇവിടെയാണ് നമ്മുടെ സമാധാനം. കർത്താവായ യേശു നമുക്ക് വേണ്ടി വാങ്ങി, പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്തു ജീവിക്കുന്നതുകൊണ്ട് അത് പുത്രനു കൊടുക്കുവാൻ തനിക്ക് മനസുണ്ട് എന്നതിനാലും, കാരണം അവിടുന്ന് വിശുദ്ധിയിൽ പൂർണ്ണനാണ്.

അങ്ങനെ നാം പ്രാർത്ഥനയിൽ അടുത്തു ചെല്ലുന്നു, നമുക്ക് പൂർണ്ണ പ്രത്യാശയുണ്ട്, തന്റെ ഇഷ്ടം ഹേതുവായി, മറുപടിയിൽ നമുക്ക് പൂർണ്ണ പ്രതീക്ഷയുണ്ട്.

എന്നോട് അപേക്ഷിക്കുക -ഞാൻ ചെയ്തു തരും

അതിപ്രാധാന്യമുള്ള അടുത്ത സംഗതി എന്നത് ദൈവശക്തിയിൽ നമ്മുടെ വിശ്വാസത്തെ പ്രാവർത്തികമാക്കുക എന്നതാണ്, ദൈവത്തിന്റെ തിരുവിഷ്ടത്തിലുള്ള നമ്മുടെ വിശ്വാസം പ്രാർത്ഥനയ്ക്ക് മറുപടി കൊണ്ടുവരുന്നു. ചുരുക്കം ചില ദൈവമക്കൾ ദൈവശക്തിയെ ചോദ്യം ചെയ്യുന്നു, പരീക്ഷ കൂടെക്കൂടെ ഉണ്ടാകാറുണ്ട്. അവിടുത്തേയ്ക്കു കഴിയും, നാം അനുവദിക്കുക, എന്നാൽ ദൈവത്തിന് ചെയ്തു തരുവാൻ കഴിയുകയില്ലേ?

ഇവിടെ നമ്മോടു തന്നെ പറയുക, ദൈവം ഏറ്റവും വിലപ്പെട്ട സമ്മാനം നമുക്കു നൽകിയിരിക്കുന്നു, തന്റെ ഏകജാതനായ പുത്രനെ

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ വാത്സല്യനാമത്തിൽ എല്ലാ ആഗമനദൂതൻ വായനക്കാർക്കും സ്നേഹ വന്ദനം.

2024 നവംബർ നമ്മെ വിട്ട് കടന്നു പോയി ഡിസംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" അന്ന് ആ പ്രദേശത്ത് ഇടയന്മാർ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽകാത്ത് വെളിയിൽ പാർത്തിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ അവരുടെ അരികെ നിന്നു. കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി. അവർ ഭയവശരായിത്തീർന്നു. ദൂതൻ അവരോട്, ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾ അടയാളമോ ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്നു സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നു പറഞ്ഞു" (ലൂക്കോ. 2:8-14).

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട തന്റെ വൃതന്മാരെ തെറ്റിക്കുവാൻ പിശാച് തന്ത്രപൂർവ്വം വെളിച്ചത്തിന്റെ ദൂതന്റെ രൂപത്തിൽ കടന്നു വരുന്നു. നാം ജാഗ്രതയുള്ളവരായിരിക്കുക. പ്രാർത്ഥനയിൽ തുടരുക. ദൈവചനത്തിൽ ശ്രദ്ധകൊടുക്കുക. ദൈവവചനത്തിന്റെ പ്രബോധനങ്ങൾ ഈ അവസ്ഥയിൽ നമുക്ക് ഗുണം ചെയ്യും. പരിശുദ്ധാത്മാവ് നമ്മെ ബുദ്ധിയുപദേശിക്കും. മനസിനെയും ഹൃദയത്തെയും ദൈവമുമ്പാകെ താഴ്ത്തി ഓർമ്മയുടെ നിലവറകളെ തുറന്ന് ആത്മീയ ജീവിതത്തെ വഴിതെറ്റിച്ച പ്രവൃത്തികളെയും ചിന്തകളെയും കണ്ടുണരേണം. സഹായം തേടേണം. പലപ്പോഴും നല്ല ഉപദേശകൻ പരിശുദ്ധാത്മാവിനാൽ തന്റെ വിശ്വസ്തമായ നാവിനാൽ നമ്മെ ബുദ്ധിയുപദേശിക്കും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

ജെ.ഹഡ്സൻ ടെയിലർ
ചൈനയിൽ ദൈവത്തിനുവേണ്ടി
4-ാം ഭാഗം

1874-ൽ ഹഡ്സൻ ടെയിലർ തന്റെ ബൈബിളിൽ ഒരു കുറിപ്പ് ഇപ്രകാരം എഴുതിവച്ച് ചൈനയെ താൻ എത്ര മാത്രം സ്നേഹിക്കുന്നു എന്നും ദൈവത്തിലുള്ള തന്റെ വിശ്വാസം എത്ര അധികമാണെന്നും വെളിപ്പെടുത്തുന്നു. അദ്ദേഹം ഇപ്രകാരം എഴുതി: “അൻപതോ നൂറോ പ്രാദേശികമായ പ്രവർത്തകരെ കൂടെ ഞാൻ ചോദിച്ചു, ധാരാളം സുപ്രണ്ടുമാരെ ഇന്ന് നൽകിയിരിക്കുന്നു, പ്രവർത്തനം ഇത്രത്തോളം വിശാലമായിരിക്കുന്നു. യേശുവിന്റെ നാമത്തിൽ ചോദിച്ചു. നന്ദി, കർത്താവായ യേശുവേ, ഇത്രത്തോളം ഞങ്ങളെ വിശാലമാക്കിയിരിക്കുന്നു. ശരീരത്തിനു സൗഖ്യം നൽകി, മനസിന് ജ്ഞാനം നൽകി, അവിടുത്തെ വലിയ വേലയ്ക്കു വേണ്ടതായ ആത്മാവിന്റെ കൃപകളെ നൽകി. ആമേൻ”.

ആഴമായ കഷ്ടതയിൽ ദൈവത്തിന്റെ നിറഞ്ഞ അനുഗ്രഹം

ശേഷം അതേ വർഷത്തിൽ, ഇംഗ്ലണ്ടിലുള്ള തന്റെ ഭവനത്തിലേക്ക് താൻ വിളിക്കപ്പെട്ടു. തന്റെ മക്കളെ പരിപാലിച്ചിരുന്ന മിസ്സ് ബ്ലാച്ചിലി എന്ന കർത്താവിന്റെ ദാസി പ്രതിഫലം പ്രാപിപ്പാനായി തന്റെ കർത്താവിന്റെ ഭവനത്തിലേക്ക് വിളിക്കപ്പെട്ടു. അവർ തനിക്ക് നല്ല ഒരു സഹപ്രവർത്തകയും ചൈന ഇൻലാന്റ് മിഷന്റെ സെക്രട്ടറിയും ഓഫീസ് കാര്യങ്ങൾ നന്നായി നോക്കി നടത്തുകയും ചെയ്ത ഒരു ദൈവദാസിയായിരുന്നു. അവരുടെ വിയോഗം തനിക്ക് ധാരാളം ക്രമീകരണം പുതുക്കി ചെയ്യേണ്ടതായി വന്നു. എന്നാൽ ഇംഗ്ലണ്ടിലേക്കുള്ള തന്റെ യാത്രയുടെ അല്പം മുമ്പ് താൻ പെട്ടെന്ന് രോഗിയായി. വളരെ ക്ഷീണിതയായിത്തീർന്നു. മാസങ്ങൾ രോഗിയായിക്കിടക്കേണ്ടി വന്നു. ഇംഗ്ലണ്ടിൽ ധാരാളം കാര്യങ്ങൾ ചെയ്യുവാനായി പ്രതീക്ഷിച്ച കാര്യങ്ങളുണ്ടായിരുന്നു.

തന്റെ രോഗക്കിടക്ക ഒരു പ്രാർത്ഥനാ മുറിയായി. തന്റെ കിടക്കയുടെ കാൽക്കൽ ചൈനയുടെ ഒരു ഭൂപടം തൂക്കിയിരുന്നു. അഞ്ച് മാസങ്ങൾക്ക് ശേഷം താൻ എഴുന്നേറ്റ് പഴയതുപോലെ നടക്കാൻ തുടങ്ങി. താൻ ഇപ്രകാരം എഴുതി: “ഞാൻ വിശ്വസിക്കുന്ന ദൈവം ചൈനയ്ക്കുവേണ്ടി ഇനിയും ചിലതു ചെയ്യുവാൻ ദൈവം എന്നെ എഴുന്നേല്പിച്ചു. ധാരാളം ചിന്തിച്ചു, ധാരാളം പ്രാർത്ഥിച്ചു ചൈനയുടെ ഉൾപ്രദേശങ്ങൾ ഇനിയും ദൈവത്തിനായി നേടേണ്ടതുണ്ട്.

അടുത്ത പതിനെട്ടു മിഷ്യനറിമാർകൂടെ അയയ്ക്കപ്പെട്ടു, ടെയിലർ വിശ്വസിച്ചു, വീണ്ടും പ്രവർത്തനനിരതനായി സംസാരിച്ചുകൊണ്ട് യാത്ര ചെയ്തുകൊണ്ട്, കാര്യങ്ങളിൽ ഇടപ്പെട്ടുകൊണ്ട്, പ്രവർത്തനങ്ങളെ വിശാലമാക്കിക്കൊണ്ട് പ്രവർത്തനത്തിൽ വീണ്ടും സജീവമായി. പുതിയ മിഷ്യനറിമാർ അയയ്ക്കപ്പെട്ടു, പ്രവർത്തനങ്ങൾ സജീവമായി ദൈവനാമം മഹത്വപ്പെടുവാൻ കാരണമായി.

ദൈവം നടത്തിയ വിധങ്ങളെ ഓർത്തു, വേലസ്ഥലങ്ങളിലായിരിക്കുന്ന പ്രവർത്തകരോട് ടെയിലർ ഇങ്ങനെയെഴുതി: നാം ആയിരിക്കുന്ന വേലയ്ക്കുവേണ്ടി അധികം പ്രാർത്ഥിക്കാം, ദൈവത്തിന്റെ സഹായത്തിനായി കൂടുതൽ അടുത്തുചെല്ലാം; നമുക്കു വേണ്ടിയുള്ള പ്രവൃത്തികളെക്കാൾ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി അധികം പ്രാർത്ഥിക്കാം, ദൈവത്തിന്റെ സഹായത്തിനായി കൂടുതൽ അടുത്തുചെല്ലാം; നമുക്കുവേണ്ടിയുള്ള പ്രവൃത്തികളെക്കാൾ ദൈവത്തിന്റെ വേലയ്ക്കു വേണ്ടി അധികം ചിന്തിക്കാം, അവിടുത്തെ നാമം നമ്മിൽ, നമ്മിലൂടെ മഹിമപ്പെടട്ടെ.

രോഗക്കിടക്കയിലായിരുന്നപ്പോൾ ടെയിലറെ സന്ദർശിച്ച വ്യക്തികളിലൊരാൾ തന്റെ വാസസ്ഥലത്തെ ലാളിത്വവും തന്റെ താഴ്ചയും കണ്ട് അത്ഭുതപ്പെട്ടുപോയി. ടെയിലർ ത്യാഗപരമായി ജീവിച്ചു, കാരണം ചൈനയുടെ സുവിശേഷീകരണമായിരുന്നു തന്റെ ലക്ഷ്യം. സുഖസൗകര്യങ്ങളെല്ലാം പരമാവധി വർജ്ജിച്ച മാതൃക കാട്ടി ജീവിക്കുവാൻ താൻ ആഗ്രഹിച്ചു.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ഹഡ്സൻ ടെയിലർ

നമുക്ക് ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. ദൈവത്തിന് വൻ കാര്യങ്ങളെ ചെയ്യാൻ കഴിയും.

" തങ്ങൾക്കുള്ളതിൽ നിന്നും വളരെ ചെറിയ ശ്രമവും പലപ്പോഴും അതിൽ പരാജയപ്പെടുന്നു അനുഭവവും നേരേമറിച്ച് ദൈവത്തിന്റെ മല്ലന്മാർ പലപ്പോഴും ക്ഷീണീതരായ മനുഷ്യൻ, ദൈവത്തിനായി അവൻ വൻകാര്യങ്ങൾ ചെയ്യുന്നു...." (ഹഡ്സൻ ടെയിലർ, നവംബർ 1875 ചൈനാസ് മിഷൻസ്).

1876-ൽ ചൈനയിലേക്ക് മടങ്ങിപ്പോകുവാൻ ഒരുക്കമായിരുന്നു, എന്നാൽ ആ സമയം ചൈനയും ഇംഗ്ലണ്ടും തമ്മിൽ ചില പ്രശ്നങ്ങൾ ഉടലെടുത്തിരുന്നു. യുദ്ധസമാനമായ അന്തരീക്ഷം. യാത്ര നിർത്തിവയ്ക്കേണം എന്ന് തനിക്ക് നിർദ്ദേശം കിട്ടി. എല്ലാ മിഷ്യനറി പ്രവർത്തനങ്ങൾക്കും തടസ്സം നേരിട്ടു. ശക്തമായി പ്രാർത്ഥിച്ചു, അവസാനനിമിഷം പടിഞ്ഞാറൻ പ്രവിശ്യകളിലൂടെ പ്രവേശിക്കുന്നതിന് വാതിൽ തുറന്നു കിട്ടി. മിഷ്യനറി പ്രവർത്തനങ്ങൾക്ക് തടസം നേരിട്ടു. ശക്തമായി പ്രാർത്ഥിച്ചു. അവസാന നിമിഷം പടിഞ്ഞാറൻ പ്രവിശ്യകളിലൂടെ പ്രവേശിക്കുന്നതിന് വാതിൽ തുറന്നു കിട്ടി. മിഷ്യനറിമാർക്ക് ചൈനയുടെ ഏതുഭാഗങ്ങളിലേക്കും സഞ്ചരിക്കുവാനുള്ള അനുവാദം തുറന്നു കിട്ടി.

ചൈന ഇൻലാന്റ് മിഷൻ മിഷ്യനറിമാർക്ക് അടുത്ത പതിനെട്ടു മാസങ്ങൾ മുപ്പതിനായിരം മൈൽ ദൂരം യാത്ര ചെയ്യുവാനിടയായി. തിരുചനം വിതരണം ചെയ്തു, യാത്രയിലുടനീളം പ്രസംഗിച്ചു. യാത്ര കാൽ നടയായും പരുക്കൻ പാതകളിലൂടെ ചക്രവണ്ടികളിലും ആയിരുന്നു. താമസസൗകര്യങ്ങൾ വളരെ മോശമായിരുന്നു. ആഹാരകാര്യങ്ങൾ വളരെ ലളിതവും പലപ്പോഴും മോശമായതും ആയിരുന്നു. എന്നാൽ യേശുവിനു വേണ്ടി അവർ എല്ലാം സഹിച്ചു.

അടുത്ത ഒരു സമയം ടെയിലർ കുടുംബം ഇംഗ്ലണ്ടിലായിരിക്കുമ്പോൾ ചൈനയിൽ ഒരു ക്ഷാമമുണ്ടായി. അവിടെ സ്ത്രീകളായ മിഷ്യനറിമാർക്ക് നേതൃത്വം നൽകുന്നതിനും അനാഥ കുട്ടികളുടെ പരിപാലനത്തിനുമായി അത്യാവശ്യമായി ഒരു വനിതാ നേതാവിനെ ആവശ്യമായി വന്നു. ടെയിലർ പ്രവർത്തനങ്ങളോടുള്ള ബന്ധത്തിൽ ഇംഗ്ലണ്ടിൽ തങ്ങുകയും ഭാര്യയെ ചൈനയിലെ പ്രവർത്തനങ്ങൾക്കായി അയയ്ക്കുകയും ചെയ്തു. അവൾ ഭർത്താവിനോടുകൂടെ ആയിരിക്കുമ്പോഴും അവരുടെ സമ്മർദ്ദങ്ങൾ കർത്താവിനോടുള്ള കൂട്ടായ്മയിൽ നിന്നും വേർപിരിക്കുവാൻ കഴിഞ്ഞില്ല. കൂടുതൽ സമയം മദ്ധ്യസ്ഥതയിലും പ്രാർത്ഥനയിലും ചെലവഴിച്ചു, സഹപ്രവർത്തകരോടുകൂടെ പ്രാർത്ഥനയിൽ പോരാടിക്കൊണ്ടിരുന്നു.

പെട്ടെന്ന് ഒരു ദിവസം താൻ ചൈനയിലേക്ക് വന്നു ചൈനയിലെ പ്രവർത്തനത്തിന് വീണ്ടും സജീവമായി. എന്നാൽ പെട്ടന്ന് താൻ വീണ്ടും രോഗിയായിത്തീർന്നു. വടക്കൻ പ്രവിശ്യകളിൽ കാലാവസ്ഥ കുറച്ചു കൂടെ അനുകൂലമായിരുന്നതിനാൽ ടെയിലറും കുടുംബവും അങ്ങോട്ടേയ്ക്ക് തിരിച്ചു.

വിശ്വാസത്തിന്റെ ഒരു പുതിയ പടി

താൻ സുഖം പ്രാപിച്ചപ്പോൾ പടിഞ്ഞാറൻ പ്രവർത്തനങ്ങളിൽ ഒരു പുതിയ ചുമതല ഏറ്റെടുത്തു. ഇത് പ്രത്യക്ഷത്തിൽ ചൈനീസ് സ്ത്രീകൾ വനിതാ പ്രവർത്തകരോട് അടുപ്പം തോന്നി. ഇത് ധാരാളം വിശ്വസ്തരായ വനിതാ പ്രവർത്തകരെ,അപകടകരമായ, കാഠിന്യമേറിയ ഏകാന്തത അനുഭവിക്കേണ്ടി വരുന്ന ചൈനയുടെ ഉൾപ്രദേശങ്ങളിലേക്ക് അയയ്ക്കേണ്ടതായി വന്നു. ആഴ്ചകളും മാസങ്ങളും യാത്ര ചെയ്യേണ്ടതായി വന്നു ആൾ തിരക്കുള്ള സിറ്റി പ്രദേശങ്ങൾ വിട്ട് ഉൾപ്രദേശങ്ങളിലേക്ക് പോകേണ്ടതായി വന്നു, നൂറ് കണക്കിന് മൈലുകൾ യാത്ര ചെയ്യേണ്ടതായി വന്നു. വളരെ പ്രാർത്ഥിച്ച് ചിന്തിച്ച് ആ ചുമതലകൾ ഏറ്റെടുത്തു, അവർ വളരെ ആവേശത്തോടെ പോയി, ദൈവത്താൽ അയയ്ക്കപ്പെട്ടെന്ന് അവർ വിശ്വസിച്ചു. ആ പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നു എന്ന നിലയിൽ അദ്ദേഹത്തിന്റെ താമസ സൗകര്യങ്ങൾ വളരെ മോശമായിരുന്നു.

തൽഫലമായി മുപ്പത് വനിതകളുടെ മിഷൻ കേന്ദ്രങ്ങളും സഭകളും സ്കൂളുകളും നൂറുകണക്കിന് സ്നാനപ്പെട്ട വിശ്വാസികളും ഉണ്ടായി.

അടുത്ത മൂന്ന് വർഷങ്ങൾക്കുള്ളിൽ ടെയിലർ എഴുപതു പുതിയ പ്രവർത്തകരെ ദൈവത്തോട് ചോദിച്ചു. എഴുപതു പേരെ ലഭിച്ചശേഷം അടുത്ത നൂറുപേർക്കുവേണ്ടി പ്രാർത്ഥിച്ചു. ആ വർഷത്തിന്റെ അവസാനത്തിൽ നൂറു പുതിയ പ്രവർത്തകർ ചൈനയിലേക്ക് അയയ്ക്കപ്പെട്ടു. വീണ്ടും വേല വിശാലമായി, അടുത്ത അഞ്ചു വർഷങ്ങൽ വേല ചെയ്യുവാനായി ആയിരം പ്രവർത്തകർക്കുവേണ്ടി പ്രാർത്ഥിച്ചു. ആ കാലഘട്ടം പൂർത്തിയാവുന്നതിനു മുമ്പേ 1153 പ്രവർത്തകർ മുന്നോട്ടു വന്നു.

ക്രമേണ ടെയിലർ പ്രവർത്തനങ്ങളെ യോഗ്യമായ കരങ്ങളിൽ ഏല്പിച്ചു. ആ നാളുകൽ ഏറെ കഷ്ടതയുടെയും പ്രയാസങ്ങളുടെയും നാളുകളായിരുന്നു. ദിവസങ്ങളുടെ ഉപവാസവും പ്രാർത്ഥനയും കാര്യങ്ങളെ നേരെയാക്കി. ആ സമയം വിദേശ വിരുദ്ധ ചിന്താഗതികൾ വളരെ യധികമായിരുന്നു. ടെയിലറിന്റെ പ്രധാന ഇഷ്ടം എന്നത് മിഷ്യനറിമാർ സത്യവിശ്വാസം വെളിപ്പെടുത്തുക എന്നതാണ്, ശാന്ത സ്വഭാവവും ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ചൈനീസ് ക്രിസ്ത്യാനികൾക്കും മറ്റുള്ളവർക്കും വെളിപ്പെടുത്തുക എന്നതാണ്. എങ്കിലും ധാരാളം പ്രവർത്തനങ്ങൾക്ക് നേരെ ഭീഷണിയുണ്ടായി, എന്നാൽ ഒരു പ്രവർത്തനത്തിനുപോലും അക്രമണമുണ്ടായില്ല.

ദൈവത്തിന്റെ ഹിതത്തിന് സമർപ്പിച്ചു

ചൈനയെ സുവിശേഷീകരിക്കുവാൻ ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിച്ച ടെയിലർ മുപ്പത് വിലപ്പെട്ട വർഷങ്ങൾ പ്രവർത്തിക്കുവാനിടയായി. 552 പ്രവർത്തകർ തന്നോടൊപ്പമുണ്ടായിരുന്നു. കൂടുതലും ഉൾപ്രദേശങ്ങളിൽ അവരുടെ സഹായത്തിന്റെ വാഗ്ദത്തം, **"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും"** (ഫിലി. 4:19) എന്നതാണ്. ദൈവം തന്നെത്താൻ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണെന്ന് തെളിയിച്ചു.

1905-ൽ നിത്യവിശ്രമത്തിനുവേണ്ടി കടന്നുപോയി. തന്റെ ശരീരം തന്റെ ഭാര്യയുടെയും മൂന്ന് മക്കളുടെ യും കല്ലറകൾക്ക് സമീപം അടക്കം ചെയ്തു. ഉയിർപ്പിൻ പ്രഭാതത്തെ കാത്തുകൊണ്ട് ആയിരക്കണക്കിന് തന്റെ ആത്മീക സന്താനങ്ങളോടുകൂടെ, കർത്തവായ യേശുക്രിസ്തുവിന്റെ കാഹളധ്വനിയെ കാത്തുകൊണ്ട് ആയിരിക്കുന്നു!

❖

പ്രാർത്ഥന

By Andrew Murray

“ നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും ”(മത്തായ 6:6).

ആത്മീത ജീവിതത്തിന്റെ വളർച്ച, പ്രാർത്ഥനയിലെ നമ്മുടെ മനോഭാവത്തിന് ആശ്രയിച്ചിരിക്കുന്നു. എന്റെ ആത്മീക ജീവിതത്തിന്റെ വളർച്ചയോ നാശമോ, എത്ര ഞാൻ പ്രാർത്ഥിക്കുമോ അതോ ഞാൻ കുറച്ചു പ്രാർത്ഥിക്കുമോ എന്നതിനെ ആശ്രയിച്ചാണ് ദൈവത്തിന്റെ വചനപ്രകാരം ഞാൻ പ്രാർത്ഥിക്കുമോ അതോ എന്റെ സ്വയത്തിൽ നിന്നുള്ള പ്രാർത്ഥനയോ എന്നതാണ്. മുകളിൽ ഉദ്ധരിച്ച വേദഭാഗം, സത്യമായ പ്രാർത്ഥനയുടെ അടിസ്ഥാനതത്വമാണ്.

ദൈവത്തോട് തനിയേ അതാണ് ഒന്നാമത്തെ ചിന്ത. വാതിൽ അടയ്ക്കേണം, ലോകത്തെയും മനുഷ്യനേയും പുറത്താക്കേണം, കാരണം ഞാനും എന്റെ ദൈവവുമായുള്ള കൂട്ടായ്മയ്ക്ക് അത് ശല്യമാണ്. പഴയനിയമകാലങ്ങളിൽ ദൈവം തന്റെ വേലക്കാരെ സന്ദർശിക്കുമ്പോൾ, അവരെ തനിച്ചു കൊണ്ടുപോകുമായിരുന്നു. പ്രാർത്ഥനയുടെ ആദ്യ ചിന്ത: ദൈവവും ഞാനും മാത്രം ആയിരിക്കുന്നു. പ്രാർത്ഥനയുടെ ശക്തിയെന്നത് ദൈവസാമീപ്യത്തിന് അനുസരിച്ചാണ്.

പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഇത് രണ്ടാമത്തെ ചിന്ത. നിങ്ങൾ അകത്ത് മുറിയിൽ കടക്കേണം, കാരണം നിങ്ങളുടെ പിതാവിന്റെ സ്നേഹം അവിടെ നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങൾ തണുത്തിരിക്കുന്നു എങ്കിൽ ഇരുട്ടിലോ, പാപത്തിലോ, സംശയത്തിലോ ആയിരിക്കുന്നു എങ്കിൽ പോലും, നിങ്ങൾ പ്രാർത്ഥിക്കുന്നു എങ്കിൽ വരിക നിങ്ങളുടെ പിതാവ് അവിടെയുണ്ട്, നിങ്ങളെ കാണുന്നു. അവിടുത്തെ കണ്ണുകൾക്ക് കീഴെ നിങ്ങളെ ഏല്പിക്കുക. പിതാവിന്റെ സ്നേഹത്തിൽ തന്റെ ദയയിൽ വിശ്വസിക്കുക, ആ വിശ്വാസത്തിൽ നിന്നുമാണ് പ്രാർത്ഥന ഉണ്ടാകുന്നത്.

പ്രാർത്ഥനയിൽ ഒരു മറുപടി ഉണ്ടാകും എന്ന് കണക്കുകൂട്ടുക. ഇത് യേശുക്രിസ്തുവിന്റെ വചനത്തിലെ മൂന്നാമത്തെ പോയിന്റ് ആണ്. “ നിങ്ങളുടെ പിതാവ് പരസ്യമായി പ്രതിഫലം തരും. കർത്താവായ യേശുക്രിസ്തു സാധകാത്മകമായ നിലയിൽ പ്രാർത്ഥനയ്ക്ക് മറുപടി തരും എന്ന് പറഞ്ഞിരിക്കുന്നു. വാഗ്ദത്തങ്ങളെ വീണ്ടും കാണുക. വ്യക്തിപരമായി സങ്കീർത്തനങ്ങളിൽ ദൈവത്തിന്റെ വിശുദ്ധന്മാരുടെ പ്രാർത്ഥന പുസ്തകങ്ങളിൽ ദൈവം പ്രാർത്ഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്ന ദൈവം എന്ന് പറഞ്ഞിരിക്കുന്നു.

പ്രാർത്ഥനയ്ക്ക് ഏറിയ തടസ്സങ്ങളുണ്ട്. മറുപടിക്ക് തടസ്സം വരുന്നത് അനുഗ്രഹിക്കപ്പെട്ട ഒരു കാര്യമാണ്. അത് സ്വയ ശോധനയിലേക്ക് നടത്തുന്നു. നാം ശരിയായി പ്രാർത്ഥിക്കുന്നുവോ, നമ്മുടെ ജീവിതം പ്രാർത്ഥനയിൽ ഒത്തു പോകുന്നതാണോ എന്നും ശോധന ചെയ്യുന്നു. ഇത് വിശ്വാസത്തിന്റെ പരിശുദ്ധമായ അനുഭവത്തിലേക്ക് നടത്തുന്നു. ഇത് ദൈവവുമായുള്ള നല്ല ബന്ധത്തിലേക്കും സ്ഥിരതയിലേക്കും നടത്തുന്നു. വ്യക്തമായ ഉറപ്പോടെയുള്ള ഒരു മറുപടി ശക്തമായ പ്രാർത്ഥനയുടെ ഒരു രഹസ്യമാണ്. ഇത് എപ്പോഴും നമ്മുടെ പ്രാർത്ഥനയിലെ പ്രധാന കാര്യമായി കാണുക. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, പ്രാർത്ഥനയുടെ നടുവിൽ നിർത്തിയിട്ട് നിങ്ങളോടു ചോദിക്കുക, “ എന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി തരും എന്ന് എനിക്ക് വിശ്വാസമുണ്ടോ? നിങ്ങളുടെ വിശ്വാസം പ്രാവർത്തികമാകുവാൻ നിങ്ങളെ സഹായിക്കട്ടെ.

സ്നേഹമുള്ള യുവ വിശ്വാസികളെ ഒരു വസ്തുതയെ ക്കുറിച്ചു നിങ്ങൾ ബോധവാന്മാരെങ്കിൽ, ഇത് ചെയ്ക. ദൈവവുമായി രഹസ്യ സംഭാഷണം നടത്തുക. നിങ്ങളുടെ ജീവിതം ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഓരോ ദിവസവും ദൈവത്തോട് പ്രാർത്ഥിക്കുക ഓരോ ദിവസവും അന്നന്നത്തെ നിങ്ങളുടെ ആവശ്യങ്ങൾ ദൈവത്തിൽ നിന്നും പ്രാപിക്കുക. ഓരോ ദിവസവും പിതാവായ ദൈവത്തോടും കർത്താവായ യേശുക്രിസ്തുവിനോടും ഉള്ള കൂട്ടായ്മ യെ പുതുക്കുക, ശക്തിപ്പെടുത്തുക. ദൈവം നമ്മുടെ രക്ഷയും നമ്മുടെ ബലവും ആകുന്നു. ക്രിസ്തു നമ്മുടെ ജീവനും വിശുദ്ധിയുമാണ്. ജീവിക്കുന്ന ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയിലാണ് നമ്മുടെ അനുഗ്രഹം നിലകൊള്ളുന്നത്.

വിശ്വാസിയേ, അധികം പ്രാർത്ഥിക്കുക, തുടർച്ചയായി പ്രാർത്ഥിക്കുക, ഇടവിടാതെ പ്രാർത്ഥിക്കുക. പ്രാർത്ഥിക്കാൻ നിങ്ങൾക്ക് താല്പര്യം ഇല്ലാതിരിക്കുമ്പോൾ മുറിയിൽ കയറുക. നിങ്ങളുടെ കരങ്ങളിൽ ഒന്നും ഇല്ലാതിരിക്കുമ്പോൾ, നിങ്ങളെത്തന്നെ ദൈവമുമ്പിൽ, സ്നേഹത്തിലും, വിശ്വാസത്തിലും ഏല്പിക്ക. ആ നിലയിൽ പിതാവിന്റെ അടുക്കൽ ചെല്ലുക. അവിടുത്തെ മുമ്പിൽ ഏല്പിക്കുക, അവിടുന്ന് നിങ്ങളുടെ അവസ്ഥ മനസിലാക്കും. ഉറപ്പോടുകൂടെ ദൈവമുമ്പിൽ ചെല്ലുക, ക്ഷീണിതനാണെങ്കിലും, എല്ലായ്പ്പോഴും ഒരു അനുഗ്രഹം പ്രാപിക്കും. പിതാവ് കേൾക്കുക മാത്രമല്ല, രഹസ്യങ്ങളെ കാണുന്നു, അവിടുന്ന് പ്രതിഫലം തരും.

പിതാവേ, അവിടുത്തെ വചനത്തിൽ നിശ്ചയമായി വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലോ, അവിടുന്ന് പ്രാർത്ഥന കേൾക്കും, എങ്ങനെ പ്രാർത്ഥിക്കേണം എന്ന് ഞാൻ അറിയുവാൻ പ്രാർത്ഥനയുടെ ആത്മാവിനെ എനിക്ക് തരേണമേ. അങ്ങയുടെ അത്ഭുതകരമായ പിതാവിന്റെ സ്നേഹം കൃപയോടെ വെളിപ്പെടുത്തേണമേ. പാപബോധം എനിക്ക് നൽകി ക്രിസ്തുവിൽ എന്റെ പാപങ്ങളെ കഴുകിക്കളയേണമേ, എല്ലാ തടസ്സങ്ങളും എന്നിൽ നിന്നും നീക്കേണമേ. ആത്മാവിന്റെ മദ്ധ്യസ്ഥത എനിക്ക് വെളിപ്പെടുത്തേണമേ, അതിനാൽ എന്റെ പാപങ്ങളും എന്റെ ബലഹീനതകളും എന്റെ അനുഗ്രഹങ്ങളെ ഇല്ലാതാക്കരുതേ. അങ്ങയെ വിശ്വസിക്കുവാൻ എന്നെ പഠിപ്പിക്കേണമേ; ത്രിത്വം എന്നെ പഠിപ്പിക്കേണമേ, അങ്ങയോടുള്ള കൂട്ടായ്മയിൽ അങ്ങയോടു പ്രാർത്ഥിക്കുവാൻ എന്നെ പഠിപ്പിക്കേണമേ. എന്നെ ഉറപ്പിക്കേണമേ. ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന എന്റെ പ്രാർത്ഥന നിശ്ചയമായും അവിടുന്ന് കേൾക്കേണമേ. ആമേൻ.

കുറിപ്പ്: പ്രാർത്ഥനയിൽ പ്രധാനം വിശ്വാസമാണ്. ഈ വിശ്വാസത്തിൽ എത്തിച്ചേരുവാൻ സമയമെടുത്തുള്ള പ്രാർത്ഥന ആവശ്യമാണ്. സമയമെടുത്ത്, ശാന്തമായി, ആശ്രയബോധത്തോടെ വരേണം. ദൈവത്തോടുള്ള കൂട്ടായ്മയിൽ വിശുദ്ധീകരണം പ്രാപിച്ചവരായി സമയം എടുത്തു പ്രാർത്ഥിക്കേണം. നമ്മെ ഉറപ്പുള്ളവരായി കാക്കുവാൻ. ആശ്രയബോധത്തോടെ

(ശേഷം 8-ാം പേജിൽ)

രാജ്യത്തിന് വേണ്ടിയുള്ള സത്യമായ പ്രത്യാശയുടെ ഉറവിടം

By Rich Carmicheal

നാം വായിക്കുന്നതുപോലെ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാനുള്ള ഇലക്ഷന്റെ സമയമാണല്ലോ ഇത്. ഭാവി പ്രസിഡന്റിനെ തെരഞ്ഞെടുക്കുകയാണ്. ശ്രദ്ധേയമായ ഒരു പ്രതീക്ഷ പ്രസിഡന്റിൽ ഉണ്ട്. പ്രധാന രാഷ്ട്രീയ പാർട്ടികളും അമേരിക്കൻ ജനതയും എക്കാലത്തെയും പോലെ ഒരു ധ്രുവീകരണത്തിനായി നോക്കുന്നു. എല്ലാവരും ഒരുപോലെ പ്രതീക്ഷ വയ്ക്കുന്നു.

ചിലതൊക്കെ പ്രധാനമായി നാം മനസ്സിൽ കരുതേണ്ടതുണ്ട്. എന്നിരുന്നാലും, ആത്യന്തികമായി രാ,ഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചുള്ളവയല്ല, ആത്മീയമായ ഒന്നുണ്ട്. ഗവൺമെന്റുകൾ, തീർച്ചയായും അവരുടെ ദൈവം നൽകുന്ന ചുമതലകൾ ആണ് പ്രധാനം. നാം, ദൈവജനം അവരെ അനുസരിക്കുവാനും അധികാരങ്ങൾക്കായി പ്രാർത്ഥിപ്പാനും കടപ്പെട്ടിരിക്കുന്നു (റോമ. 13:1, 1 തിമൊ. 2:1,2). എന്നാൽ അതേ സമയം നമ്മുടെ പ്രത്യാശയായി ഗവൺമെന്റിലേക്ക് നോക്കുവാൻ ദൈവവചനം പറയുന്നില്ല. കർത്താവ് ഒരുവനത്രേ നമ്മുടെ പ്രത്യാശ. യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു, അതുകൊണ്ട് ഞാൻ അവനിൽ പ്രത്യാശവെയ്ക്കുന്നു. "ഞാൻ ദൈവത്തിന്റെ വചനത്തിൽ പ്രത്യാശവയ്ക്കുന്നു, അവിടുത്തെ കരുണയിലും രക്ഷയിലും ഞാൻ പ്രത്യാശവയ്ക്കുന്നു". സങ്കീ.119:114, 119:166, 147:11).

എങ്കിൽ എന്റെ ജനം.....

ബന്ധപ്പെട്ട എല്ലാറ്റിലും ഈ വാഗ്ദത്തം 2 ദിന. 7:14. "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും". എപ്പോഴാണ് കർത്താവ് നമ്മുടെ ദേശത്ത് വ്യത്യാസം അയയ്ക്കുന്നത്. നമ്മുടെ പ്രത്യാശ സ്വർഗ്ഗത്തിൽ നിന്നും കേട്ട് നമ്മുടെ പാപങ്ങളെ ക്ഷമിച്ച്, നമ്മുടെ ദേശത്തിന് സൗഖ്യ വരുത്തികൊടുക്കും! വീണ്ടും രാഷ്ട്രീയ പാർട്ടികൾക്കോ ഗവൺമെന്റിനോ ചെയ്യുവാൻ കഴിയുന്ന അവരുടെ ചുമതലയുണ്ട്, എന്നാൽ, നമുക്കാവശ്യമായ ആത്മീയ മാറ്റം, വ്യത്യാസം കൊണ്ടുവരുവാൻ സാദ്ധ്യമല്ല. കർത്താവിന് മാത്രമേ കഴിയൂ.

അതിന് എന്തു ചെയ്യുവാൻ നമുക്കു കഴിയും? നാം, അവിടുത്തെ ജനം, നമ്മെത്തന്നെ താഴ്ത്തി, പ്രാർത്ഥിച്ച് അവിടുത്തെ മുഖം അന്വേഷിച്ച്. തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയേണം! ദൈവമക്കൾ എന്നുള്ള നിലയിൽ നാം നമ്മുടെ അവസ്ഥകളെ തിരിച്ചറിയേണം, നമ്മുടെ രാജ്യത്തിനുവേണ്ടി ഗവൺമെന്റ് ചെയ്യുന്നതിനെക്കാൾ മെച്ചമായി നമുക്ക് ചെയ്യുവാൻ കഴിയും. യേശു നമ്മെ ഓർപ്പിക്കുന്നതുപോലെ, "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു, ലോകത്തിന്റെ വെളിച്ചം ആകുന്നു" (മത്താ. 5:13-16).

അവസാന ദിനങ്ങൾ

ഈ വിളി എല്ലായ്പ്പോഴും ശ്രദ്ധേയമാണ്, കർത്താവിന്റെ മടങ്ങി വരവിന്റെ അവസാനദിനങ്ങളിൽ അത് പ്രത്യേകം ശ്രദ്ധേയമാണ്. അപ്പോസ്തലനായ പത്രോസ് എഴുതുന്നതുപോലെ, "എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരും ആയിരിപ്പിൻ" (1പത്രൊ. 4:7). പത്രൊസ് ഇത് എഴുതുമ്പോൾ ഈ വചനങ്ങൾ ഈ കാലങ്ങളിൽ അതിപ്രാധാന്യമുള്ളതാണ്. സമയം വളരെ ചുരുക്കം ആണ്, സമയം അതി പ്രധാനമാണ്, കാത്തിരിക്കുക, പ്രാർത്ഥിക്കുക! നാം പോകുവാനുള്ള സമയമാണിത്, മോർദ്ദെഖായി എസ്ഥേറിനോട് ചോദിച്ചതുപോലെ, "നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യഹൂദന്മാർക്കു മറ്റൊരു സ്ഥലത്തു നിന്ന് രക്ഷയും ഉദ്ധാരണവും ഉണ്ടാകും, എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും" (എസ്ഥേ. 4:14). സാഹചര്യം വളരെ ഗൗരവതരം, എസ്ഥേർ അതിൻ പ്രകാരം പ്രതികരിക്കുകയാണുണ്ടായത്.

നോക്കുക, ആ വഴിയിൽ, എസ്ഥേർ തിരക്കിട്ട് ജനത്തിന്റെ ഇടയിലേക്കും രാജാവിന്റെ അടുത്തേയ്ക്കും പോയില്ല, എന്നാൽ കർത്താവിങ്കലേയ്ക്ക് നോക്കുവാൻ തുടങ്ങി. അവൾ മൊർദ്ദേഖായിയോട് പറഞ്ഞു. നീ ചെന്ന് ശൂശനിൽ ഉള്ള എല്ലാ യെഹൂദന്മാരെയും ഒന്നിച്ചുകൂട്ടി നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ, ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും, പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ" (4:16).

ഈ താഴ്മയുടെ പ്രാർത്ഥന ശ്രദ്ധിക്കുവാൻ കർത്താവ് തയ്യാറായി, സമർപ്പണവും മദ്ധ്യസ്ഥതയും, മരണഭീതിയിൽ നിന്നും തന്റെ ജനത്തെ അവിടുന്ന് വിടുവിക്കാനിടയായി.

ആരെയും നിർഭാഗ്യവശാൽ, ഇതുപോലുള്ള ഘട്ടങ്ങളിൽ മദ്ധ്യസ്ഥതയ്ക്കായി ആരെയും കാണാൻ കഴിയാത്ത സാഹചര്യം കാണാൻ കഴിയും. യെശയ്യാവിന്റെ കാലഘട്ടത്തിൽ കർത്താവ് പക്ഷവാദം ചെയ്യാൻ ആരുമില്ലായ്കയാൽ ആശ്ചര്യപ്പെട്ടു" (യെശ. 59:16). യെഹെസ്ക്കേലിന്റെ കാലത്ത്, കർത്താവ് അരുളിചെയ്തു, "ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിനു മതിൽകെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെയിടയിൽ അന്വേഷിച്ചു ആരെയും കണ്ടില്ലതാനും" (യെഹ. 22:30). ഈ ചോദ്യം ഈ കാലഘട്ടത്തിൽ നമ്മോടു ചോദിച്ചാൽ നമ്മത്തന്നെ താഴ്ത്തി, പാപത്തെവിട്ട്, പൂർണ്ണമായി തിരിഞ്ഞ് പ്രാർത്ഥനയിലും മദ്ധ്യസ്ഥതയിലും ഈ കാലഘട്ടത്തിൽ ദൈവത്തിനായി നില്ക്കേണ്ടത് ആവശ്യം.

ഈ എഴുത്തിനെക്കുറിച്ച്

മേൽപറഞ്ഞ എല്ലാ കാര്യങ്ങളും മനസ്സിൽ ഓർത്തുകൊണ്ട് പ്രാർത്ഥനയ്ക്കും ലക്ഷ്യപ്രാപ്തിക്കും ഈ ലേഖനം കാരണമാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. നമ്മുടെ ദൈവം കൃപയുള്ളവനാണ്, വിശ്വസ്തനാണ്, അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കും, നിന്റെ വചനത്തെ നമ്മിൽ നിവർത്തിച്ച് നമ്മുടെ സഭയിൽ ദേശത്ത് നമ്മെ പ്രയോജനപ്പെടുത്തും.

ഊന്നിപ്പറയുന്ന വേദഭാഗം, യെശ. 64:1,2 ഇങ്ങനെ വായിക്കുന്നു, "അയ്യോ ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്ക് വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീ കൊണ്ട് വെള്ളം തിളയ്ക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം തീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്ന തലങ്ങൾ

നമുക്കു നൽകി, വിലയേറിയ വാഗ്ദത്തങ്ങൾ നൽകി, ദൈവകൃപയുടെ വാഗ്ദത്തപ്രകാരം, അതുകൊണ്ട് കൃപയാൽ നമുക്കു തരും, അവിടുന്ന് നമുക്കു തരും അവിടുത്തോടു കൂടെ എല്ലാം (റോമ. 8:32).

ദൈവത്തിന്റെ വാഗ്ദത്ത വചനത്തിൽ ആശ്രയിച്ചുകൊണ്ട് നാം പറയും, “ദൈവം തരികമാത്രമല്ല, തന്റെ നാമത്തിന്റെ മഹത്വത്തിനായി അവിടുന്ന് തീർച്ചയായും തരും, ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും മഹത്വം വെളിപ്പെടുത്തേണ്ടതിന് അവിടുന്ന് ചെയ്തുതരും, അതുപകൊണ്ട് ഉറപ്പായി ചെയ്തുതരും. ക്രിസ്തുവിന് വേണ്ടി, ക്രിസ്തുവിൽ കൂടെ അളവില്ലാതെ തരും ”.

ഞാൻ ഉറപ്പിച്ചു പറയുന്നു, കാരണം ദൈവത്തിന്റെ പ്രവൃത്തി ഞാൻ കണ്ടിട്ടുണ്ട്, കർത്താവായ യേശുവിന്റെ പ്രവൃത്തി ഞാൻ കണ്ടിട്ടുണ്ട്, എപ്പോഴെല്ലാം ഞാൻ വിളിച്ചപേക്ഷിച്ചിട്ടുണ്ടോ എന്റെ വിശ്വാസത്തെ ഉറപ്പിക്കുവാൻ കേട്ട്, എന്റെ ആവശ്യങ്ങൾക്ക് മറുപടി തന്നിട്ടുണ്ട്, തീർച്ചയായും അത് വരും! (മർക്കൊ. 11:24).

“ യേശു അവരോട് ഉത്തരം പറഞ്ഞത്, ദൈവത്തിൽ വിശ്വാസം ഉള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട്: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നത് ഒക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവരോട് ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും ക്ഷമിക്കയില്ല ” (മർക്കൊ. 11 :2226).

“ നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും എന്ന് ഉത്തരം പറഞ്ഞു ” (മത്താ. 21:22).

യേശു അവരോട് : “നിന്നാൽ കഴിയും എങ്കിൽ എന്നോ വിശ്വസിക്കുന്നവന് സകലവും കഴിയും എന്നു പറഞ്ഞു ” (മർക്കൊ. 9:23).

നിങ്ങൾ പ്രാർത്ഥിക്കുമ്പോഴുള്ള നിങ്ങളുടെ അനുഭവം ചിന്തിക്കുക, നിങ്ങൾ വിശ്വസിച്ച് മറുപടി ഉണ്ടായോ, ദൈവശക്തിയിലും അവിടുത്തെ ഇഷ്ടത്തിലും നിങ്ങളുടെ വിശ്വാസം അനുഭവമാക്കിയിട്ട് മറുപടി ഉണ്ടായോ. അതു അങ്ങനെ നിങ്ങൾ വിശ്വസിച്ചാൽ, നിങ്ങൾക്കു മറുപടി ഉണ്ടാകും! നിങ്ങൾ ആവശ്യപ്പെടുന്നു എങ്കിൽ, നിങ്ങളുടെ വിശ്വാസത്തിനുവേണ്ടി ആദ്യം പ്രാർത്ഥിക്കുന്നു എങ്കിൽ, വിശ്വസിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കും!

ഈ മൂന്നു കാര്യങ്ങളും തമ്മിൽ ഒത്തു ചേർന്നിരിക്കുന്നു എന്ന് ചിന്തിക്കുക. നിങ്ങൾ പ്രാർത്ഥിക്കുന്നത് ദൈവത്തിന്റെ മഹത്വത്തിനാണ് എന്ന് ചിന്തിക്കുക; ക്രിസ്തുവിന്റെ ശക്തിക്കും കഴിവിനും വേണ്ടി അപേക്ഷിക്കുന്നു എന്ന് ചിന്തിക്കുക; വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നു എന്ന് ചിന്തിക്കുക, അപ്പോൾ അടുത്ത പ്രധാനപ്പെട്ട ആഴമായ സംഗതിവരുന്നു.

നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടിയുണ്ടാകുവാൻ പ്രാർത്ഥനയെക്കുറിച്ചുള്ള വാഗ്ദത്തം എപ്പോഴും അവിടുന്ന് നമുക്കു തരുന്നു. അതുകൊണ്ട് മറുപടി ലഭിക്കുന്നതുവരെയും നമ്മുടെ പ്രാർത്ഥന ശാന്തമായി തുടരുക.

ഇവിടെയാണ് ആ രഹസ്യം

കർത്താവിനെ അറിഞ്ഞ നാൾമുതൽ ആയിരം പതിനായിരക്കണക്കിന് പ്രാർത്ഥനകൾക്ക് മറുപടി ഉണ്ടായിട്ടുണ്ട്.

“ എന്നാൽ ”, നിങ്ങൾ എന്നോട് ചോദിക്കും, “എപ്പോഴാണ് നിങ്ങൾക്ക് മറുപടി കിട്ടിയത് ” ? ആയിരക്കണക്കിന് പ്രാർത്ഥനകൾക്ക് പെട്ടെന്ന് ഉത്തരം ലഭിച്ചിട്ടുണ്ട്, എന്നാൽ ചിലതിന് ദിവസങ്ങൾക്കുശേഷം, ആഴ്ചകൾക്കുശേഷം ചിലതിന് മാസങ്ങൾക്ക് ശേഷം മാത്രം; എന്നാൽ ചിലതിന് ഇപ്പോൾ വർഷങ്ങൾക്ക് ശേഷവും മറുപടി ലഭിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ ദൈവം തന്റെ സ്വന്തം വഴിയിൽ പ്രവർത്തിക്കുന്നു, കാരണം അവിടുന്ന് ദൈവമാണ്, അവിടുന്ന് എല്ലായ്പോഴും നമുക്കു വേണ്ടി പ്രവർത്തിക്കുന്നു എന്ന് ഞാൻ അറിയട്ടെ, നാം അവിടുത്തെ സൃഷ്ടികളാകുന്നു, അവിടുന്ന് നമ്മെ സന്തോഷിപ്പാനായി പ്രവർത്തിക്കുന്നു.

അതുകൊണ്ട് നാം അവിടുത്തെ സമയത്തിനായി കാത്തിരിക്കേണം. അവിടുന്ന് വാഗ്ദത്തം ചെയ്തു, താൻ അത് ചെയ്തു തരും, നമ്മുടെ അപേക്ഷകൾ എല്ലാം തന്റെ ഇഷ്ടപ്രകാരമാണെങ്കിൽ.

“ അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്കു ലഭിക്കുന്നു എന്നും നാം അറിയുന്നു (1യോഹ. 5:14,15).

ഞാൻ മുപ്പത്തിരണ്ട് വർഷമായി രണ്ട് വ്യക്തികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നു. ആയിരക്കണക്കിന് പ്രാർത്ഥനകൾക്ക് മറുപടി എനിക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ട് വ്യക്തികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നു. അതുകൊണ്ട്, നിങ്ങൾ കാണുക, ദൈവം പ്രാർത്ഥനയ്ക്ക് മറുപടി നൽകും, പക്ഷേ വിശ്വാസത്തിനും പരിശോധനയുണ്ടാകും (ജോർജ്ജ് മുള്ളറുടെ മരണശേഷം ഈ രണ്ട് വ്യക്തികൾ മാനസാന്തരപ്പെട്ടു).

അതുകൊണ്ട് എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വസ്തുതകളെ മുൻനിർത്തി നിങ്ങളുടെ ധൈര്യത്തിനായി ഞാൻ പറയാം, അവർ ക്ഷമയോടെ കാത്തിരിക്കുന്നു എങ്കിൽ മറുപടി വരും. എന്നാൽ അത് താമസിക്കുന്നോറും അതിന്റെ മാധുര്യവും വിലയും കൂടും.

നേരും ആത്മാർത്ഥതയും

ഒരുവശത്ത് പാപത്തിൽ ജീവിക്കുന്ന, ദുഷ്ടതയിൽ ജീവിക്കുന്ന തോൽവിയിൽ ജീവിക്കുന്നവന്റെ പ്രാർത്ഥനയുടെ മറുപടി അവിടുന്ന് തടഞ്ഞുവയ്ക്കുന്നില്ല, മറിച്ചു താൻ അവനിൽ നിന്നും വിശ്വസ്തയും ആത്മാർത്ഥതയും, നേരുള്ള ഹൃദയവും അവിടുന്ന് പ്രതീക്ഷിക്കുന്നു പാപത്തിൽ ജീവിക്കുന്നവന്റെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല (യെശ.59:1,2; മർക്കൊ. 11:22-26).

“ ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയി

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്ന തലങ്ങൾ

രുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു" (സങ്കീ. 66:18). അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമ്മുടെ പാപങ്ങളെ നാം ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1യോഹ.1:7,9).

നാം നേരും ആത്മാർത്ഥതയുള്ളവരും ആയിരിക്ക. നമുക്കു പോരാട്ടമുള്ളത് പ്രകൃത്യാലുള്ള ദുഷ്ടതയോടും അതിന്റെ ഇച്ഛകളോടുമാണ്, പാപത്തിന് നാം നമ്മെത്തന്നെ ഏല്പിക്കരുത്. ഒടുവിൽ പ്രാർത്ഥനയുടെ മറുപടിക്കായി ക്ഷമയോടെ കാത്തിരിക്കാം.

അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്നവൻ (എഫെ. 3:20)

നമുക്കു ചെയ്യുവാൻ ദൈവത്തിനായി കാത്തിരിക്കുക എന്നതാണ്. ധൈര്യപ്പടുക, ദൈവത്തിനായി കാ ത്തിരിക്കുക, ദൈവത്തിൽ നിന്നും വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, കർത്താവിനായി കാത്തിരിക്കുന്നില്ല എങ്കിൽ, നമ്മുടെ വിശ്വാസത്തെ നാം പ്രാവർത്തികമാക്കുന്നില്ല എങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥം ആകുന്നു, ദൈവം നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നൽകും; അതിനപ്പുറത്ത് നമുക്കു ഒരു വലിയ പ്രതീക്ഷയും ശേഷിച്ചിരിക്കുന്നു. ❖

രാവിലെ ദൈവത്തെ കണ്ടമുട്ടുന്നു

By Bill Elliff

രാവിലെ ദൈവത്തിന്റെ സാന്നിദ്ധ്യം തേടുക എന്നത് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ്. തന്റെ സന്നിധിയണയുക. അവിടുന്ന് നമ്മെ വിളിക്കുന്നു, ആവർത്തിച്ച് നമ്മെ വിളിക്കുന്നു. ഒരു സത്യവിശ്വാസിയെങ്കിൽ, അവിടുത്തെ മക്കളിൽ ഒരാളെങ്കിൽ, നമ്മുടെ ദിവസം നന്നായി തുടങ്ങുവാൻ അവിടുന്ന് മക്കളിൽ ഒരാളെങ്കിൽ, നമ്മുടെ ദിവസം നന്നായി തുടങ്ങുവാൻ അവിടുന്ന് നമ്മെ വിളിക്കുന്നു. തന്റെ സാന്നിദ്ധ്യത്തിലേക്ക് പ്രവേശിക്കുവാൻ ശ്രേഷ്ഠമായ ഒരു സൗകര്യം ഒരുങ്ങിയിരിക്കുന്നു, വാതിലടച്ച് നമ്മുടെ പിതാവിനോട് പ്രാർത്ഥിക്കുവാൻ സൗകര്യം ഒരുക്കിയിരിക്കുന്നു.

സമയം ചെലവഴിക്കുക: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - സിംഹാസനമുറിയിൽ. പാട്ടുകളോടും സങ്കീർത്തനങ്ങളാലും അവിടുത്തെ നാമത്തെ ആരാധിക്കുക. സാന്നിദ്ധ്യ ബോധത്തിൽ ആയിരിക്കുക. ക്രിസ്തു നിങ്ങളെ പരിചയപ്പെടുത്തിയിരിക്കയാൽ അതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്, വിശ്വാസത്താൽ, നാം നിൽക്കുന്ന ഈ കൃപയിലേക്ക്, നമുക്ക് അവിടുത്തെ മുഖം കാണുവാൻ (റോമ. 5:1,2).

ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ നിങ്ങളുടെ ഹൃദയത്തെ ഏകാഗ്രമാക്കുക, വചനം വായിക്കുവാനായി പുസ്തകം തുറക്കുക. എന്നിട്ട് വചനത്തിന്റെ അത്ഭുതങ്ങളെ കാണേണ്ടതിന് നിങ്ങളുടെ കണ്ണുകളെ തുറക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.

പറയുന്നത് എന്തെന്ന് കേൾക്കുക, തിടുക്കം കാണിക്കാതെ, ദൈവം നിങ്ങളോ ആവശ്യപ്പെടുന്നത് എന്ന് ഉറപ്പാക്കുക. രാവിലെ ദൈവത്തെ കാണുവാൻ കടന്നു വരിക. നിങ്ങളുടെ ദിവസത്തിന്റെ പ്രവത്തികളെ ക്രമീകരിക്കുക. നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച് ഇരുമനസുകളെ മാറ്റി നിങ്ങളെതന്നെ ശുദ്ധീകരിക്കുക. നിർദ്ദേശങ്ങളെ സ്വീകരിച്ച്, പുതിയ ആലോചന ഏറ്റെടുത്ത്, മറ്റുള്ളവരെ ഉൾക്കൊണ്ട് ദൈവത്തിനായി അടുത്തു ചെല്ലുക. ദൈവത്തോട് ചോദിക്കുക. എന്താണ് അവിടുത്തേയ്ക്ക് എന്നോടു പറയാനുള്ളത്? എന്താണ് ഇതിന്റെ അർത്ഥം? മറ്റുള്ളവർക്ക് കൊടുക്കുവാൻ എന്തു സ്ഥാനമാണ് ഇന്നു ഞാൻ എന്റെ ഹൃദയത്തിൽ കൊടുക്കേണ്ടത്?

ഇടവിടാതെ പ്രാർത്ഥിക്കുക, സാന്നിദ്ധ്യ ബോധത്തോടെ, അവിടുന്ന് തന്നെത്തന്നെ തന്റെ വചനത്തിലൂടെ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു, ദൈവം നമുക്ക് കാണിച്ചു തന്നതുപോലെ രഹസ്യത്തിൽ പ്രാർത്ഥിക്കുക. എഴുതിവയ്ക്കുക, രഹസ്യമായി പ്രാർത്ഥിക്കുക. കുടുംബത്തിനു വേണ്ടി പ്രാർത്ഥിക്കുക, സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിക്കുക. പ്രത്യേക ആവശ്യങ്ങളുടെ മുഖത്തായിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, പ്രത്യേക ആവശ്യങ്ങളെ അവർക്കുവേണ്ടി അറിയിച്ച് പ്രാർത്ഥിക്കുക, അവരെ വിളിച്ചു അവർക്കു വേണ്ടി പ്രാർത്ഥിക്കുക.

നാം വിശ്വസിച്ചതുപോലെ കർത്താവിന്റെ വരവ് സമീപമായിരിക്കുകകൊണ്ട് നാം പ്രാർത്ഥിക്കുക, ഓരോ ദിവസവും നിലനിന്ന് ദൈവത്തിൽ വസിച്ച് പ്രാർത്ഥിക്കാം. മോശെയുടെ പ്രാർത്ഥന നമുക്കും പ്രാർത്ഥിക്കാം.

കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു. കാലത്തു തന്നെ ഞങ്ങളെ നിന്റെ ദയകൊണ്ട് തൃപ്തരാക്കേണമേ. എന്നാൽ ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും. നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനർത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ. നിന്റെ ദാസന്മാർക്കു നിന്റെ പ്രവൃത്തിയും അവരുടെ മക്കൾക്ക് നിന്റെ മഹത്വവും വെളിപ്പെടുത്തേണമേ. ഞങ്ങളുടെ ദൈവമായ യഹോവയുടെ പ്രസാദം ഞങ്ങളുടെമേൽ ഇരിക്കുമാറാകട്ടെ; ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിത്തരേണമേ; അതെ, ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിത്തരേണമേ" (സങ്കീ. 90:1, 14 -17). ❖

(5-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

വചനത്തന്റെ വാഗ്ദത്തങ്ങളെ ഉപയോഗിക്കുവാൻ പരിശുദ്ധാത്മാവിന് സമയം വിട്ടു കൊടുക്കേണം. ലോകജ്ഞാനം അല്ല, ലോകത്തിന്റെ സമ്പത്തല്ല, ലോകത്തിന്റെ ഭക്ഷണമല്ല, കൂട്ടുകാരുമായി സംഭാഷിച്ചു തീരെ നമുക്കു സമയമില്ലാത്തവരായിട്ടല്ല, വേണ്ടുവോളം പരിശുദ്ധാത്മാവിൽ നൽകേണം. എങ്ങനെ പ്രാർത്ഥിക്കുവാൻ പഠിക്കും എന്ന് ചിന്തിക്കേണ്ട ആത്മാവിന് സമയം വിട്ടു കൊടുക്കുക. ദൈവത്തോടുള്ള സംഭാഷണവും കൂട്ടായ്മയുമാണ് പ്രാർത്ഥന, അതിൽ ദൈവത്തിന് പ്രവർത്തിപ്പാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണ്, നാം മരിക്കുമ്പോൾ നമ്മുടെ സ്വന്തം ഇഷ്ടങ്ങളും ശക്തിയും എന്നെന്നേക്കും ദൈവത്തിൽ ചേരുകയാണ്. ❖

പ്രാർത്ഥിക്കുന്ന ഒരു പുരോഹിതൻ

By Dave Butts

നാം ഒരു പുരോഹിതനെക്കുറിച്ചു ചിന്തിക്കുമ്പോൾ, ദൈവവുമായി പ്രത്യേക ബന്ധം വച്ചു പുലർത്തുന്നവനാണ്. മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ നിലകൊള്ളുന്നവൻ ആണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയകൂട്ടം പ്രത്യേക പരിശീലനം സിദ്ധിച്ചവരായി നിൽക്കുന്നവരാണ്. പുരോഹിതന്മാർ എന്ന ചിന്താഗതി തെറ്റല്ല. എന്നാൽ തിരുവചനപ്രകാരം ഓരോ ക്രിസ്തീയ വിശ്വാസിയും കർത്താവായ യേശുക്രിസ്തുവിലൂടെ പുരോഹിതവർഗ്ഗമായി വേർതിരിക്കപ്പെട്ടവരാണ്. " നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്കവിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു " (1പത്രൊ. 2:5). " നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു " (2:9). ദൈവരാജ്യത്തിലെ ഒരു പുരോഹിതൻ എന്ന നിലയിൽ അതിന്റെ ചുമതലകളിലും പദവിയിലും നാം നടക്കേണ്ടതാണ്. യേശുക്രിസ്തു താൻ ഈ പുരോഹിതത്വത്തിന്റെ ഒരു ഭാഗമാണ് എന്നും നാം പ്രത്യേകമായി അറിഞ്ഞിരിക്കേണ്ടതാണ്, തത്വത്തിൽ, നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ. എബ്രായ ലേഖനം കർത്താവായ യേശുക്രിസ്തുവിന്റെ പൗരൊഹിത്യത്തെ ഊന്നിപ്പറയുന്നു, പരിണതഫലമായി, നമുക്കുവേണ്ടി ദൈവഭവനത്തിൽ പുരോഹിതനായിരിക്കുന്നു.

ഒരു പുരോഹിതൻ എന്ന നിലയിൽ, യേശുക്രിസ്തുവിന് പ്രാർത്ഥനയുടെ ഒരു ശുശ്രൂഷയുണ്ട്, അത് താൻ ചെയ്തുകൊണ്ടിരിക്കുന്നു. ഇവനോ എന്നേയ്ക്കും ഇരിക്കുന്നതുകൊണ്ട് മാറാത്ത പൗരൊഹിത്യം ആകുന്നു പ്രാപിച്ചിരിക്കുന്നത്. അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവൻ ആകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു " (എബ്രാ. 7:24,25). ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു (റോമ. 8:34). ഇപ്പോൾ അവിടുന്ന് നമുക്കുവേണ്ടി ചെയ്യുന്ന ശുശ്രൂഷ പ്രാർത്ഥനയാണ്. ഇതാണ് ഇപ്പോൾ നമുക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്. പുരോഹിതൻ എന്ന നിലയിൽ അവിടുന്ന് നമുക്കുവേണ്ടി മദ്ധ്യസ്ഥയണയ്ക്കുന്നു. നമുക്കു വേണ്ടിയുള്ള സന്തോഷവാർത്തയെന്നുള്ളത് അവിടുന്ന് നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

അതുകൊണ്ട് പ്രധാനമായും നാം മനസ്സിലാക്കിയിരിക്കേണ്ടുന്ന വസ്തുതയെന്നത്, ദൈവത്തിന്റെ പുരോഹിതവർഗ്ഗം എന്ന നിലയിൽ നാം മദ്ധ്യസ്ഥതയണച്ച് പ്രാർത്ഥിക്കേണ്ടതാണ്. 1തിമൊഥെ. 2:1-ൽ അപ്പോസ്തലനായ പൗലൊസ് നമ്മെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി വിളിക്കുന്നു. അതുപോലെ, എഫെസ്യർ 6:18-ലും പൗലൊസ് നമ്മോട് പറയുന്നത്, " സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ. നാം കർത്താവായ യേശുക്രിസ്തുവിന്റെ ഇന്നത്തെ ശുശ്രൂഷയായ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ചേർന്നു കൊണ്ട് ദൈവത്തിന്റെ പുരോഹിതന്മാർ എന്ന നിലയിൽ നമ്മുടെ കടമ നിറവേറ്റുക.

എബ്രായ ലേഖനകാരൻ നമ്മെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി ഉത്സാഹിപ്പിക്കുന്നു: അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയത്തിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക". (എബ്രാ. 10:19 -22). ഇതു നമ്മെ കാണിക്കുന്നത് പുരോഹിതന് പ്രാർത്ഥിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥലമുണ്ട്. ദൈവത്തിന്റെ അതി പരിശുദ്ധസ്ഥലം. സമാഗമനകൂടാരത്തിലും ദൈവത്തിന്റെ ആലയത്തിലും അതിപരിശുദ്ധസ്ഥലം എന്നത് ലോകത്തിലേക്കും ഏറ്റം പരിശുദ്ധമായ ഒരു സ്ഥലമാണ്. ആണ്ടിൽ ഒരിക്കൽ മാത്രം യഹൂദന്മാരുടെ മഹാപുരോഹിതൻ പ്രാർത്ഥനയ്ക്കായും ജനത്തിനു വേണ്ടി യാഗം അർപ്പിക്കാനുമായി അവിടേക്ക് പ്രവേശിച്ചിരുന്നുള്ളൂ. ഇത് ദൈവസാന്നിദ്ധ്യത്തിന്റെ ഇടമാണ്.

പഴയനിയമകാലത്ത് ജീവിക്കുന്ന ഒരു യെഹൂദന് ആണ്ടിലൊരിക്കൽ മാത്രം വിശുദ്ധമന്ദിരത്തേലേക്ക് പ്രവേശിക്കുന്ന മഹാപുരോഹിതൻ, ആണ്ടിലൊരിക്കൽ അതിപരിശുദ്ധ സ്ഥലത്തു ചെന്ന് ദൈവത്തെ സമീപിക്കുന്നു, നിങ്ങൾക്ക് ഇങ്ങനെയൊരു പദവി ലഭിക്കും എന്ന് ചിന്തിക്കാൻ കഴിയുമോ? ആണ്ടിലൊരിക്കൽ മാത്രം ലഭിക്കുന്ന പദവി.

കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ നാം അവിടുത്തെ പുരോഹിതവർഗ്ഗം ആയിത്തീരുന്നു, ദൈവാലയത്തിന്റെ അതിപരിശുദ്ധസ്ഥലത്തേയ്ക്ക് സമയഭേദമെന്യേ ഏതു നിമിഷവും കടന്നു ചെല്ലുവാനുള്ള പദവി ലഭിച്ചു. നാം പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് ചെന്ന് നമ്മുടെ അപേക്ഷകളെ തിരുമുമ്പിൽ അർപ്പിക്കുന്നു. അനേകവിശ്വാസികളും ഈ മഹത്തരമായ പദവിയെക്കുറിച്ച് ബോധവാന്മാരല്ല കൂടാതെ സൗജന്യമായി കർത്താവിന്റെ സാന്നിധ്യത്തിലേക്ക് പ്രവേശിപ്പാൻ ഉള്ള അത്ഭുതകരമായ ബഹുമാനവും നമുക്ക് നൽകിയിരിക്കുന്നു.

എബ്രായർ പത്താം അധ്യായത്തിൽ ഒരു പുരോഹിതന് പ്രാർത്ഥനയിൽ ഒരു ശരിയായ മനോഭാവം ഉണ്ട്. നാം പ്രാർത്ഥിച്ചാൽ ദൈവം

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥിക്കുന്ന ഒരു പുരോഹിതൻ

കേൾക്കും എന്ന ഉറപ്പ് നമുക്കുണ്ട്. നമുക്ക് എന്തോ പ്രത്യേകതയുണ്ട് എന്ന് അതിനർത്ഥമില്ല, നമ്മുടെ കർത്താവ് പ്രത്യേകതയുള്ളവനാണ്. ആ കർത്താവിലൂടെ ദൈവത്തിന്റെ സന്നിധിയിലേക്ക് പ്രവേശനമുണ്ട്. അപേക്ഷകളും മദ്ധ്യസ്ഥ പ്രാർത്ഥനകളും അർപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പരമാർത്ഥ ഹൃദയത്തോടും വിശ്വാസത്തിന്റെ പൂർണ്ണ ധൈര്യത്തോടുകൂടെ അടുത്തുചെല്ലുവാൻ എബ്രായ ലേഖനം നമ്മോടു പറയുന്നു. യാക്കോബ് അപ്പോസ്തലൻ നമ്മോടു പറയുന്നത് ദൈവത്തോടു അടുത്തുചെല്ലുക, അവിടുന്ന് നമ്മോട് അടുത്തു വരും. വിശ്വാസത്തോടും ധൈര്യത്തോടുകൂടെ അടുത്തു ചെല്ലുവാൻ എബ്രായലേഖനം നമ്മോടു പറയുന്നു. . വിശ്വാസത്തോടും ധൈര്യത്തോടും കൂടെ പ്രാർത്ഥനയിൽ വളരുകയെന്നത് എത്ര അനുഗ്രഹകരമാണ്! അവിടുത്തെ ഹിതപ്രകാരം പ്രാർത്ഥിക്കുന്ന പ്രാർത്ഥന കേട്ട് മരുപടി നൽകും എന്ന ഉറപ്പ് നമുക്കുണ്ട്. അപ്പോസ്തലനായ യോഹന്നാൻ നമ്മെ പഠിപ്പിക്കുന്നത്, " അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു (1യോഹ. 5:14,15).

ഒരു പുരോഹിതൻ നമുക്കു പിന്തുടരുവാൻ ഒരു നല്ല മാതൃക നമുക്കു തരുന്നു. യേശുക്രിസ്തു, നമ്മുടെ മഹാപുരോഹിതൻ, നല്ല മദ്ധ്യസ്ഥൻ എന്നത് നമുക്കു ഒരു മാതൃകയാണ്. അവിടുത്തെ പിന്തുടരുവാൻ നമുക്ക് കല്പന ലഭിച്ചിരിക്കുന്നു. അവിടുത്തെ പ്രാർത്ഥനയിൽ ശിഷ്യന്മാർക്ക് ധൈര്യം ലഭിച്ചിരിക്കുന്നു,. അതുകൊണ്ട് അവർ അവിടുത്തോട് ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്നു അപേക്ഷിച്ചു. അവിടുത്തെ പ്രതികരണം, പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു പ്രസംഗം ചെയ്യുകയല്ലായിരുന്നു, എന്നാൽ പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു മാതൃക നൽകുകയായിരുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ, യേശു പറഞ്ഞു, ഇതാ ഒരു മാതൃക ഈ വിഷയത്തിൽ നിങ്ങളുടെ പ്രാർത്ഥനയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക. അവിടുന്നു നൽകുന്ന പ്രാർത്ഥനയാണോ നിങ്ങൾ പ്രാർത്ഥിക്കുന്നത് എന്ന് ഉറപ്പുവരുത്തുക ". യേശു പഠിപ്പിച്ച പ്രാർത്ഥനയെ ഞങ്ങൾ പിന്തുടർന്നു പ്രാർത്ഥിക്കുന്നു.

ദൈവത്തിന്റെ പുരോഹിതന്മാരേ! ലോകത്തിനുവേണ്ടി ദൈവമുമ്പാകെ നിന്ന് മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥതയണച്ച് ലോകത്തിൽ ഒരു വ്യത്യാസം ഉണ്ടാക്കിയെടുക്കുവാൻ കർത്താവ് നിങ്ങളെ വിളിക്കുന്നു. ദൈവശക്തി അവരുടെ ജീവിതങ്ങളിലേക്ക് പകരപ്പെടുന്നു. വേദപുസ്തകത്തിൽ കാണപ്പെടുന്ന പൗരോഹിത്യ മദ്ധ്യസ്ഥതയുടെ ശ്രേഷ്ട ഉദാഹരണങ്ങളിൽ ഒന്ന് സംഖ്യാ പുസ്തകത്തിൽ കാണാം. യിസ്രായേൽ ജനം നേതാക്കന്മാരായ മോശയ്ക്കും അഹരോനും എതിരായി പ്രശ്നങ്ങളുണ്ടാക്കി. ദൈവം ബാധ അയച്ചു ജനത്തെ കൊല്ലുവാൻ തുടങ്ങി അവർ വിശുദ്ധന്മാരുടെ പ്രാർത്ഥനയെന്ന ധൂപവർഗ്ഗം എടുത്തു. അതു ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തും. "അപ്പോൾ അവർ കവിണ്ണുവീണു മോശ അഹരോനോടു: നീ ധൂപകലശം എടുത്തു അതിൽ യാഗപീഠത്തിലെ തീ ഇട്ട് ധൂപവർഗ്ഗ വും ഇട്ട് വേഗത്തിൽ സഭയുടെ മദ്ധ്യേ ചെന്ന് അവർക്കു വേണ്ടി പ്രായശ്ചിത്തം കഴിക്ക; യഹോവയുടെ സന്നിധിയിൽ നിന്നു കോപം പുറപ്പെട്ടു ബാധ തുടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞു. മോശെ കല്പിച്ചതുപോലെ അഹരോൻ കലശം എടുത്തു സഭയുടെ നടുവിലേയ്ക്ക് ഓടി, ബാധ ജനത്തിന്റെ ഇടയിൽ തുടങ്ങിയിരിക്കുന്നതുകണ്ടു. ധൂപം കാട്ടി ജനത്തിനു വേണ്ടി പ്രായശ്ചിത്തം കഴിച്ചു. മരിച്ചവർക്കും ജീവനുള്ളവർക്കും നടുവിൽ നിന്നപ്പോൾ ബാധ അടങ്ങി " (സംഖ്യാ 16:46-48).

ദൈവത്തിന്റെ പുരോഹിതന്മാർ എന്ന നിലയിൽ, നാം മരിച്ചവർക്കും ജീവനുള്ളവർക്കും ഇടയിൽ നില്ക്കേണം. ആളുകളുടെ ആവശ്യങ്ങൾക്കുവേണ്ടി പരിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ മദ്ധ്യസ്ഥതയണച്ച് നമുക്കു ദേശത്ത് ഒരു വ്യത്യാസം ഉണ്ടാക്കിയെടുക്കാം. ഇത് സഭയുടെ കാലയളവാണ്. അതുകൊണ്ട് ദൈവത്തിന്റെ വിളിയെ ഗൗരവമായി പരിഗണിച്ച് പ്രാർത്ഥിക്കുന്ന പുരോഹിതന്മാരായി ദൈവത്തിനായി നിലകൊള്ളാം. ❖

ദൈവത്തിനായി കാത്തിരിക്കുക

By C.H. Mackintosh

ഈ ലോകത്തിൽ ദൈവത്തിൽ ആശ്രയിച്ചുജീവിക്കുന്നതിനേക്കാൾ വലുതായി, ആഴമായി അനുഗ്രഹിക്കപ്പെട്ട കാര്യ ഒന്നും ഇല്ല; അവിടുത്തോടു പറ്റി നിന്നു, ഓരോ നിമിഷവും, അവിടുത്തേയ്ക്കായി കാത്തിരുന്നു, അവിടുത്തെ നാമത്തിൽ ആശ്രയിച്ചു കാത്തിരിക്കുക. (സങ്കീ. 87:7). ഇത് സമാധാനത്തിന്റെ സത്യമായ രഹസ്യമാണ്. സൃഷ്ടിജാലങ്ങലുടെ വിശുദ്ധമായ സ്വാതന്ത്ര്യം ആണ്.

നമുക്ക് അവിടുത്തേക്കായി കാത്തിരിക്കാം - ക്ഷമയോടെ കാത്തിരിക്കാം, സ്ഥിരതയോടെ കാത്തിരിക്കാം. അവിടുന്ന് പറഞ്ഞു, " ഞാൻ ആകുന്നു വഴി" (യോഹ. 14:6); നമുക്കു അവിടുത്തെ അനുഗമിക്കാം. അവിടുന്ന് എല്ലാം നേരെയാക്കും, ശരിയായി നിശ്ചയമായി. അവിടെ ഇരുട്ട് ഇല്ല, ചാഞ്ചാട്ടം ഇല്ല, അവിടുന്ന് ഇങ്ങനെ പറഞ്ഞു, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും എന്നും പറഞ്ഞു (8:12).

ചാഞ്ചാട്ടവും അനിശ്ചിതത്വവും പലപ്പോഴും നമ്മുടെ പ്രവർത്തിയുടെ ഫലങ്ങളാണ്. നാം ദൈവഹിതമില്ലാത്ത കാര്യങ്ങൾ ചെയ്യുന്നു എങ്കിൽ പലപ്പോഴും പരാജയപ്പെടും. നാം പ്രാർത്ഥിക്കും, മറുപടി ലഭിക്കുകയില്ല. സാധാരണ തത്വം എന്നത്, ദൈവം നമ്മോട് ആവശ്യപ്പെടുന്നു ശാന്തരായിരിക്കും- നാം ആയിരിക്കുന്ന സ്ഥാനത്തു തന്നെ കാത്തിരിക്കുക.

(ശേഷം 11-ാം പേജിൽ)

അമഹാരിക്ക് ദൂതനും എത്യോപ്യയിലേക്ക് അറബിബൈബിളും

എത്യോപ്യയിലേക്ക് അമഹാരിക്ക് ദൂതന്റെ അച്ചടിക്കായും വിതരണത്തെ ഓർത്തും പ്രാർത്ഥിക്കാം. ചില സമയം അമഹാരിക്ക് ദൂതന്റെ അച്ചടി അമേരിക്കയിൽ തന്നെ നടക്കുന്നു. ഇവിടെ നിന്നും എത്യോപ്യയുടെ വിവിധ സ്ഥലങ്ങളിലേക്ക് അയച്ചുകൊടുക്കുന്നു. ഇത് നല്ലവണ്ണം നടന്നുപോകുന്നു എങ്കിലും ഇതിന്റെ അച്ചടി എത്യോപ്യയിലേക്ക് മാറ്റുവാൻ ഞങ്ങൾ ആലോചിക്കുന്നു. ഇതിനായി ഞങ്ങളെ സഹായിക്കുവാൻ ചില സഹോദരീ സഹോദരന്മാരെ ഉത്സാഹികളായി ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അമഹാരിക്ക് ദൂതന്റെ ഒരു പരീക്ഷണ പ്രസിദ്ധീകരണം നടത്തുവാനായി ഞങ്ങൾ ആലോചിക്കുന്നു. എത്രനന്നായി ആഗമനദൂതൻ തന്റെ അച്ചടി ശാലയിൽ 5000 കോപ്പികൾ അച്ചടിക്കാം എന്നേറ്റിട്ടുണ്ട്. മറ്റുചില സഹോദരീസഹോദരന്മാർ പകുതി മെയ്ൽ ചെയ്യാനും ബാക്കിയുള്ളവ അല്ലാതെ വിതരണം ചെയ്യാമെന്നും ഏറ്റിട്ടുണ്ട്. പ്രധാന ചെലവുകളിൽ ഒന്ന് പോസ്റ്റേജ് ചെലവുകളാണ്. ഒരു വെല്ലുവിളി യെന്നത് വായനക്കാരുടെ ലിസ്റ്റ് അമേരിക്കയിലെ ഓഫീസിലാണ്, അത് അനുദിനം മാറിക്കൊണ്ടിരിക്കുന്നു എന്നതാണ്.

പരീക്ഷണ പ്രസിദ്ധീകരണത്തിന്റെ ചെലവ് അമേരിക്കയിൽ നിന്നും അയയ്ക്കുന്നതാണോ അതോ എത്യോപ്യയിൽ നിന്നും അയക്കുന്നതാണോ കൂടുതൽ. എങ്ങനെ ആയിരുന്നാലും ആഗമനദൂതന്റെ ദൂതുകൾ അവിടെയുള്ള സഹോദരീ സഹോദരന്മാർക്ക് എത്തിക്കുവാൻ സാധിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്-ഇംഗ്ലീഷ് കോപ്പികളും അയയ്ക്കുന്നുണ്ട്.

അമഹാരിക്ക് ദൂതന്റെ എഡിറ്റർ ഞങ്ങളുമായി ബന്ധമുള്ളതിനാൽ ഞങ്ങൾ സന്തോഷിക്കുന്നു, അദ്ദേഹത്തിന്റെ ശുശ്രൂഷകളിലൂടെ അറബി ബൈബിളും വിതരണം ചെയ്യുവാൻ ഞങ്ങൾക്ക് കഴിയുന്നു. അമേരിക്കയിലുള്ള സ്ഥാപനത്തിലേക്ക് ഫണ്ട് എത്തിച്ചുകൊടുക്കുവാനും ഞങ്ങൾക്ക് കഴിയുന്നു, അറബി ബൈബിൾ ഈജിപ്തിൽ അച്ചടിച്ച് കപ്പൽ വഴി എത്യോപ്യയിലെത്തിക്കുന്നതിനും വിതരണം ചെയ്യുവാനും ഉള്ളത് എന്ന് ഞങ്ങൾ അറിയുന്നു (എബ്രാ 4:12), അതു വെറുതെ എന്റെ അടുക്കലേക്ക് മടങ്ങിരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ചു കാര്യം സാധിപ്പിക്കയും ചെയ്യും (യെശ. 55:11), ഇംഗ്ലീഷ് ബൈബിളിന്റെ കൂടെ അറബി ബൈബിളും ഞങ്ങൾക്ക് അയയ്ക്കുവാൻ കിട്ടിയ അവസരത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. കർത്താവിന്റെ വചനത്തിനായി സ്തോത്രം! ❖

(10-ാംപേജിന്റെ തുടർച്ച)

ദൈവത്തിനായി കാത്തിരിക്കുക

എന്നാൽ നമ്മുടെ തലച്ചോറിനെ ചൂടുപിടിപ്പിക്കാതിരിക്കൂ, നാം എന്തു ചെയ്യേണം എന്നതിനെക്കുറിച്ചു വേവലാതിപ്പെടാതിരിക്കൂ, എന്നാൽ ദൈവത്തിനായി കാത്തിരിക്കൂ. ഇതാകുന്നു സമാധാനത്തിന്റെയും ശാന്തതയുടെയും രഹസ്യം. ❖

❖